# നാറാണത്തു ഭ്രാന്തൻ

## വി. മധുസൂദനൻ നായർ



"ഈ സമാഹാരത്തിലെ പതിനെട്ടു കവിതകളിലോരോന്നും ഓരോ കാവ്യാനുഭവംതന്നെയാണ്. സാമാന്യമായി സമാന സ്വഭാവങ്ങളുൾക്കൊള്ളുകയും ചെയ്യുന്നു. താളംകൊണ്ടും മൊഴിമര്യാദകൊണ്ടും ഇവ നമ്മുടെ പഴയ പാട്ടുകവിതാപാരമ്പര്യത്തിന്റെ ഇങ്ങേത്തലയ്ക്കൽ പൊടിച്ചു തെഴുത്തവയാണ്."

**– ഒ.എൻ.വി. കുറുപ്പ്**

കവർ ഡിസൈൻ: കവർസ്റ്റോറി

ഡിസിബുക്സ്

www.dcbooks.com

കവിത

ISBN 81-7130-234-3

9 788171 302345 00038

E-book available

₹ 120

വി. മധുസൂദനൻ നായർ • നാറാണത്തു ഭ്രാന്തൻ

8M1 MAD/N

792

dcb



8M1 MAD/N
CASMTVK
792

വി. മധുസൂദനൻ നായർ

നാറാണത്തു ഭ്രാന്തൻ

792

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 792 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

ry TVK

8M1 MAD/N
CASMTVK
792

## വി. മധുസൂദനൻ നായർ

1950 നവംബറിൽ നെയ്യാറ്റിൻകരയിൽ ജനിച്ചു. മലയാളത്തിൽ എം.എ. ബിരുദം നേടിയശേഷം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കുങ്കുമം, കേരള ദേശം, വീക്ഷണം എന്നിവിടങ്ങളിൽ ജോലി നോക്കി. തിരുവനന്തപുരം സെന്റ് സേവ്യേഴ്സ് കോളജിൽ മലയാള വിഭാഗം തലവനായിരുന്നു. *നാറാണത്തുഭ്രാന്തൻ, ഗാന്ധർവം, ഗാന്ധി* ഇവ കൃതികൾ. 1992-ലെ കവിതയ്ക്കുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചത് *നാറാണത്തുഭ്രാന്തനാ*യിരുന്നു.

വി. മധുസൂദനൻ നായരുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കവിതകൾ

ഗാന്ധി
ഗാന്ധർവ്വം
നാറാണത്തുഭ്രാന്തൻ

വി. മധുസൂദനൻ നായർ

# നാറാണത്തുഭ്രാന്തൻ

അവതാരിക
ഒ.എൻ.വി. കുറുപ്പ്

ഡി സി ബുക്സ്

"ഇവിടെയെങ്ങാണ് നിൻ സോദരൻ?"
"ഇവിടെയെന്താണ് നിൻ സോദരൻ?"
"ഇവിടെയാരാണ് നിൻ സോദരൻ?"

അവനെ കണ്ടുവോ?—എന്നാരോടാണൊന്നു ചോദിക്കുക? അവനെ കണ്ടിരിക്കാനിടയുള്ളവർ ആരാവാം? "അന്ധവിശ്വാസഹോമപ്പുരയിൽ വേവുന്നൊരമ്പലപ്രാവുക"ളോടോ, "ആർത്തിപ്പെരുമ്പാമ്പ് ചുറ്റി വിഴുങ്ങിയൊരമ്പിളിപ്പൂമ്പിറ" യോടോ, "നെഞ്ചിൽ വെടിയേല്ക്കെയൊരു വൃദ്ധഹൃദയം വാർത്ത രക്തസങ്കീർത്തന"ത്തോടോ, "ഉത്തര ദക്ഷിണാവർത്തങ്ങൾ ചുറ്റുന്നൊരുഷ്ണപ്രവാഹങ്ങ"ളോടോ ചോദിക്കൂ എന്ന് കവി പറയുന്നു. തുടർന്ന് ഇന്ത്യയുടെ ഇന്നത്തെ ജീവിതഭൂപടം ആരിലും ആത്മനൊമ്പരമുണർത്തും വിധം, വരച്ചുവച്ചിരിക്കുന്നു. ഇവിടെയുദ്ധരിക്കാവുന്നതിൽക്കവിഞ്ഞ് ദൈർഘ്യമുള്ള ആ ഭാഗം, ഇന്നത്തെ ഭാരതീയാവസ്ഥയുടെ നേർക്കുള്ള കവിയുടെ പരുഷവും രൂക്ഷവുമായ പ്രതികരണമാണ്. ഈ സമാഹാരത്തിലെ ഏറ്റവും ഭാവതീവ്രമായ കവിതയാണ് 'ഭാരതീയം.'

"വരകൾക്കുമകമേ പതയ്ക്കുന്ന
ഹൃദയമേ ഭാരതം!"

എന്നു പാടുന്ന കവി, ഈ ഭൂപടത്തിന്റെ ഹൃദയരേഖയാണ് തൊട്ടുകാണിക്കുന്നത്. ഒരു തുടിത്താളവുമെടുത്ത്, നിറകതിർഷീലി വേലുമേന്തി, ഭൂഹൃദയരേഖകൾ കുറിച്ചുകൊണ്ട് മൂവുലകു ചുറ്റി സാക്ഷാൽ കുമാരൻതന്നെ അമ്മയുടെ മടിയിലേക്കോടിവന്ന് ഉദയമായിത്തീരുക—എന്ന് കവി പറയുമ്പോൾ മറ്റൊരു കുമാരസംഭവത്തിന്റെ സൂക്ഷ്മചിത്രം കൂടി "കുസുമേ കുസുമോത്പത്തി" പോലെ ഇക്കവിതയിൽ തെളിവേല്ക്കുന്നു. വെറും തൂലികകൊണ്ടല്ല, ആത്മാവിലൊളിഞ്ഞിരിക്കുന്ന ഏതോ പീലിവേൽമുനകൊണ്ടേ ഈ കവിത കുറിക്കാനാവൂ!

ഒടുവിൽ, 'വാക്ക്' എന്ന കവിതയെപ്പറ്റി വെറും രണ്ടുവാക്ക് മാത്രം പറഞ്ഞ് ഈ കുറിപ്പവസാനിപ്പിക്കട്ടെ. വാക്കിന്റെ ആഴമറിയാത്ത അർത്ഥഖനികളിലേക്കിറങ്ങിച്ചെല്ലുന്നവർക്ക് കൈവിളക്കും, വാഗ്രൂപദർശനത്തിൽ കവി അഹംമറന്നാലപിക്കുന്ന സ്തോത്രവും, ഒടുവിൽ "വാക്ക് ഞാനാണെ"ന്നറിയുന്ന വെളിപാടുമാണീ കവിത.

ശ്രീ മധുസൂദനൻനായരുടെ കന്നിക്കവിതാസമാഹാരവുമായി ഇങ്ങനെയൊരു ആമുഖക്കുറിപ്പിലൂടെ ബന്ധപ്പെടാൻ ഇടയായതിൽ കുറച്ചൊന്നുമല്ല ആഹ്ളാദവും അഭിമാനവുമെനിക്ക്. മലയാളകവിത മധുസൂദനൻനായരുടെ ശക്തിയും മാധുര്യവുമാർന്ന 'വാക്കി'നെ ഒരു പീലിവേൽപോലെ സ്വീകരിച്ചാദരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

ഇന്ദീവരം
തിരുവനന്തപുരം
20 നവംബർ, 1992

ഒ.എൻ.വി. കുറുപ്പ്

## ഉള്ളടക്കം


പുണ്യപുരാണം രാമകഥ ....15
നാറാണത്തുഭ്രാന്തൻ ....21
സീതായനം ....27
അഗസ്ത്യഹൃദയം ....35
അകത്താര്? പുറത്താര്? ....41
ഉപനിഷത് ....45
ഗംഗ ....51
തിരസ്കാരം ....57
യക്ഷി ....61
മേഘങ്ങളേ, കീഴടങ്ങുവിൻ! ....69
നടരാജസ്മൃതി ....75
ഒരു പന്തമെരിയുന്നു ....79
സാക്ഷി ....85
കിളിപ്പാട്ട് ....89
സന്താനഗോപാലം ....93
ഒരു കിളിയും അഞ്ചു വേടന്മാരും ....99
ഭാരതീയം ....105
വാക്ക് ....111

*കുറിപ്പുകൾ* ....117
*അനുബന്ധം*
*വാക്കിന്റെ മൗനം—മൗനത്തിന്റെ വാക്ക്* ....127
*പുതിയൊരു വാഗ്ദർശനം* ....142